"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിലെ വെള്ളാർവള്ളി വില്ലേജാഫീസ് താല്ക്കാലികമായി പ്രവർത്തിച്ചു വന്നിരുന്ന കെട്ടിടത്തിന് സ്പെഷ്യൽ റെന്റ് നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1161/2026/RD തീയതി,തിരുവനന്തപുരം, 27-06-2026

---

പരാമർശം:-

1. 07.08.2017 തീയതിയിലെ സ.ഉ.(പി)നം.102/2017/ധന നമ്പർ സർക്കാർ ഉത്തരവ്.
2. 10.01.2022 തീയതിയിലെ സ.ഉ.(എം.എസ്)നം.1/2022/ പൊമവ നമ്പർ സർക്കാർ ഉത്തരവ്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 23.05.2026 തീയതിയിലെ എൽ.ആർ/11502/2024-എൽആർ(ജി7) നമ്പർ കത്ത്.

**ഉത്തരവ്**

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിലെ വെള്ളാർവള്ളി വില്ലേജ് ഓഫീസിന് സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മാണത്തിനായി തിരഞ്ഞെടുത്തിരുന്നതിനാൽ നിർദ്ദിഷ്ട സ്ഥലത്തെ പഴയ വില്ലേജ് ഓഫീസ് കെട്ടിടം പൊളിക്കേണ്ടി വന്നിരുന്നതിനാലും മറ്റ് സർക്കാർ കെട്ടിടങ്ങൾ ലഭ്യമല്ലാതിരുന്നതിനാലും പ്രസ്തുത വില്ലേജ് ഓഫീസ് 17.01.2022 തീയതി മുതൽ 04.09.2023 തീയതി വരെ ശ്രീ.ഷിജേഷ് കോക്കാടൻ, ഭാര്യ ശ്രീമതി.ഷൈമ എന്നിവരുടെ ഉടമസ്ഥതയിലുള്ള പേരാവൂർ ഗ്രാമപഞ്ചായത്തിലെ പതിനഞ്ചാം വാർഡിലെ നൂറ്റി പതിനെട്ടാം നമ്പർ കെട്ടിടത്തിൽ പ്രവർത്തിച്ചു വന്നിരുന്നു.

2] പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച റെന്റ് സർട്ടിഫിക്കറ്റ് പ്രകാരം പ്രസ്തുത വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ അനുവദനീയമായ കാർപ്പെറ്റ് ഏരിയയായ 21.18 ച.മീ. ന് ആനുപാതികമായി 1,889/- രൂപയും കെട്ടിടത്തിന്റെ ഒക്യുപൈഡ് കാർപ്പെറ്റ് ഏരിയയായ 96.38 ച.മീ ന് ആനുപാതികമായി 8,598/- രൂപയുമാണ് വാടകയായി നിശ്ചയിച്ചിട്ടുള്ളത്. വെള്ളാർവള്ളി വില്ലേജ് ഓഫീസ് വാടക കെട്ടിടത്തിലേക്ക് മാറ്റേണ്ടി വന്ന സാഹചര്യം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും ആയതിനാൽ വെള്ളാർവള്ളി വില്ലേജ് ഓഫീസ് 17.01.2022 തീയതി മുതൽ 04.09.2023 തീയതി വരെ പ്രവർത്തിച്ചു വന്നിരുന്ന കെട്ടിടത്തിന്റെ ഒക്യുപൈഡ് കാർപ്പെറ്റ് ഏരിയയ്ക്കുള്ള വാടകയായ 8,598/- രൂപ വാടക നിർണ്ണയിച്ച് നൽകണമെന്ന് റെന്റ് സർട്ടിഫിക്കറ്റും മറ്റ് അനുബന്ധ രേഖകളും സഹിതം, ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 2-ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിലെ വെള്ളാർവള്ളി വില്ലേജ് ഓഫീസ് 17.01.2022 തീയതി മുതൽ 04.09.2023 തീയതി വരെ പ്രവർത്തിച്ചു വന്ന

കെട്ടിടത്തിന്റെ ഒക്യൂപൈഡ് കാർപ്പെറ്റ് ഏരിയയായ 96.38 ച.മീ ന് ആനുപാതികമായി 8,598/- രൂപ (എണ്ണായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി എട്ട് രൂപ മാത്രം) സ്പെഷ്യൽ റെന്റ് നിർണ്ണയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സിജു ജേക്കബ്
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കണ്ണൂർ
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
പൊതുമരാമത്ത് വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (REV-F2/164/2026-REV)

ഉത്തരവിൻ പ്രകാരം
Signed by
Sheeba V R
Date: 27-06-2026 13:07:04
സെക്ഷൻ ഓഫീസർ